
## കെ.ടിയുടെ പ്രസ്ഥാന യാത്രകൾ - 2




- കെ.ടി അബ്ദുർറഹീം
- സദ്റുദ്ദീൻ വാഴക്കാട്


# സത്യസാക്ഷ്യം, അഞ്ചണ!

> ഉറക്കം വരാനായി കുറച്ചു വായിക്കാം എന്നു കരുതി *സത്യസാക്ഷ്യം* കൈയിലെടുത്തു. വായന തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ ഞാൻ ഉറങ്ങുകയായിരുന്നില്ല, ഉണരുകയായിരുന്നു– ഒരു പുതിയ ലോകത്തേക്ക്. പുസ്തകത്തിലെ ആശയങ്ങൾ എന്നെ ഹഠാദാകർഷിച്ചു. അതുവരെ കിടന്ന് വായിച്ചിരുന്ന ഞാൻ, അറിയാതെ എഴുന്നേറ്റിരുന്ന് വായന തുടർന്നു. പുസ്തകം മുഴുവൻ ഒരു തവണ വായിച്ചു തീർത്തു. മതിവരാതെ, രണ്ടാമതൊരിക്കൽ കൂടി അതേ ഇരിപ്പിൽ തന്നെ 'സത്യസാക്ഷ്യത്തി'ലൂടെ കടന്നുപോയി. മനസിലെവിടെയോ ഒരു കൊളുത്ത് വീണു. ഉറങ്ങാൻ ശ്രമിച്ച എന്നെ കിടന്നേടത്തുനിന്ന് എഴുന്നേൽപിച്ച പുസ്തകമാണ് 'സത്യസാക്ഷ്യം.'

**ഇരുപതാം** വയസ്സിൽ ഞാൻ മുദർരിസായി ജീവിതമാരംഭിച്ചു; 1963-ൽ ആദ്യം ഉമയനല്ലൂർ പള്ളിയിലും കൊല്ലൂർവിളയുടെ ഭാഗമായിരുന്ന മാടനടയിലെ പള്ളിയിലുമായിരുന്നു തുടക്കം. പള്ളിയിലെ ഇമാമത്തിലും ദർസിലും പരിമിതമായിരുന്നില്ല പ്രവർത്തനങ്ങൾ. ദാറുസ്സലാം അസോസിയേഷൻ, ബുസ്താനുൽ ഉലൂം മദ്റസ, സുബ്ലുസ്സലാം ലൈബ്രറി എന്നിവ മാടനടയിലുണ്ടായിരുന്നു. മുദർരിസുമാരുടെയും ഖത്വീബുമാരുടെയും പതിവുരീതിയിൽനിന്ന് വ്യത്യസ്തമായി ചില ദീനീപ്രവർത്തനങ്ങൾ നടത്തണമെന്ന ചിന്തയിൽനിന്നാണ് ഇത്തരം വേദികൾ ഉണ്ടാക്കിയത്.

നിലവിലുള്ള പാരമ്പര്യ ധാരയുടെ പോക്ക് ശരിയല്ല എന്ന ശക്തമായ കാഴ്ചപ്പാട് എനിക്കുണ്ടായിരുന്നു. സമസ്തക്കാരുടെ അന്നത്തെ പല പ്രവർത്തനങ്ങളോടും ആചാരങ്ങളോടും യോജിപ്പുണ്ടായിരുന്നില്ല. മൗലിദിലും റാത്തീബിലും പങ്കെടുക്കാറുണ്ടായിരുന്നില്ല. മുദർരിസായതുകൊണ്ട് ചിലരൊക്കെ പള്ളിയിൽവന്ന് പിഞ്ഞാണമെഴുതിക്കൊടുക്കാൻ പറയും. അക്കാലത്ത് പ്രധാനപ്പെട്ട ഒന്നായിരുന്നു പിഞ്ഞാണമെഴുത്ത്. രോഗം മാറാനും മറ്റും പിഞ്ഞാണ പാത്രത്തിൽ ചില ദിക്റുകളും അറബി വാക്യങ്ങളുമെല്ലാം മഷികൊണ്ട് എഴുതും. അത് അൽപം വെള്ളമൊഴിച്ച് കലക്കിക്കുടിക്കും. വലിയ ശമനൗഷധമാണെന്നായിരുന്നു വിശ്വാസം! ഇപ്പോൾ പിഞ്ഞാണമെഴുത്തുപോലുള്ള ധാരാളം അന്ധവിശ്വാസങ്ങൾ നാടുനീങ്ങിയിരിക്കുന്നു. നവോത്ഥാന പ്രവർത്തനങ്ങളുടെ ഫലമായാണ് ഇതെല്ലാം സംഭവിച്ചതെന്ന് പറയാം.

ഞാൻ പൊതുവെ പിഞ്ഞാണമെഴുതിക്കൊടുക്കാറുണ്ടായിരുന്നില്ല. പള്ളിയിലെ ഇമാമായതുകൊണ്ട് ചിലപ്പോൾ നിർബന്ധിതനായി ആ പണി ചെയ്യേണ്ടി വന്നിട്ടുണ്ട്. എനിക്ക് അതിലൊന്നും ഒട്ടും വിശ്വാസം ഉണ്ടായിരുന്നില്ല. മന്ത്രിച്ചൂതുക, പിഞ്ഞാണമെഴുതുക, അസ്മാഇന്റെ പണി ചെയ്യുക തുടങ്ങിയവയൊക്കെയായിരുന്നു അന്ന് മുസ്‌ലിയാക്കന്മാരുടെ പ്രധാനജോലി. അതിന്

പണവും വാങ്ങും. പലപ്പോഴും ശമ്പള ത്തെക്കാൾ കൂടുതൽ ഇങ്ങനെ കിട്ടുന്ന പണമാണുണ്ടാവുക.

### ജിന്ന് ഹദ്റത്ത്

മറ്റൊരു അന്ധവിശ്വാസമായിരുന്നു 'ജിന്ന് ഹദ്റത്ത്.' ചിലർ നാൽപതു ദിവസം രാത്രി ഉറങ്ങാതെ പ്രത്യേക ആരാധനകളും ദിക്റും പ്രാർഥനയുമെല്ലാമായി കഴിയും. ഭയപ്പെടാതെ, മനഃസാന്നിധ്യത്തോടെ വേണം ഇത് ചെയ്യാൻ. പേടി തോന്നാവുന്ന പലതും സംഭവിക്കാമെങ്കിലും ഒന്നിനെയും ഭയപ്പെടാതെ നാൽപതു രാത്രികൾ കഴിച്ചുകൂട്ടണം. ഇടക്ക് ഭയം പിടികൂടിയാൽ ആൾക്ക് ഭ്രാന്തായിപ്പോകും. എന്നാൽ പേടിക്കാതെ, നിശ്ചിത രാത്രികൾ തികച്ചാൽ അയാൾക്ക് മുമ്പിൽ 'ഖിദ്ർ' ഹാജരാകും. അതോടെ പ്രത്യേക സ്ഥാനവും കഴിവുകളുമൊക്കെ അയാൾക്ക് കൈവരും. ഞാൻ പഠിച്ചുകൊണ്ടിരുന്ന പള്ളിയിൽവന്ന് ഒരിക്കൽ ഒരാൾ ജിന്ന് ഹദ്റത്തിന് ശ്രമിച്ചു. വാപ്പയോട് ഞാൻ അതേക്കുറിച്ച് ചോദിച്ചു: 'അയാൾ എന്തെങ്കിലും ചെയ്യട്ടെ, നീ അതൊന്നും ശ്രദ്ധിക്കാൻ പോകണ്ട' എന്നായിരുന്നു വാപ്പയുടെ ഉപദേശം. അതൊന്നും ശരിയല്ലെന്ന് ഖുർആനും ഹദീസും ദർസിൽ പഠിച്ച കിതാബുകളും മുമ്പിൽവെച്ച് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിരുന്നു. അതുകൊണ്ടുതന്നെ സമസ്തയുടെയും ത്വരീഖത്തുകളുടെയും ആശിർവാദത്തോടെയും അല്ലാതെയും നിലനിന്നിരുന്ന അനാചാരങ്ങളോട് എനിക്ക് മൊത്തത്തിൽ അകൽച്ചയാണുണ്ടായിരുന്നത്.

പള്ളിദർസിൽ പഠിച്ച കിതാബുകളും വായിച്ച മറ്റു പുസ്തകങ്ങളും മുമ്പിൽവെച്ച് ചിന്തിച്ചപ്പോൾ നിലവിലുള്ള പാരമ്പര്യ സുന്നി ആചാരങ്ങൾ അനുസരിച്ചുള്ള ഒരു മതമല്ല ഇസ്‌ലാം എന്ന ഉത്തമബോധ്യം എനിക്കുണ്ടായി. എന്നാൽ ഞാൻ ഉറച്ച സുന്നിയായിരുന്നു. മൗദൂദികളെയും വഹാബികളെയും കഠിനമായി വെറുത്തിരുന്നു. മൗദൂദി സാഹിബിനെയും ജമാഅത്തിനെയും കുറിച്ച് കേട്ടിരുന്നു. പക്ഷേ, അതൊരു പിഴച്ച പാർട്ടിയാണെന്ന് വിശ്വസിച്ചിരുന്നതിനാൽ അന്നത്തെ സുന്നിധാരയോട് വിയോജിപ്പുണ്ടായിരിക്കെ തന്നെ ജമാഅത്തുകാരനോ മുജാഹിദുകാരനോ ആകാൻ ഞാൻ തയാറായിരുന്നില്ല. അത് വലിയ ഫിത്നയാണെന്നായിരുന്നു വിശ്വാസം.

എന്നാൽ യാഥാസ്ഥിതികരായ ആളുകൾ ചെയ്യാത്തതും ചെയ്യാൻ പാടില്ലെന്ന് വിശ്വസിച്ചിരുന്നതും ജമാഅത്തുകാരും മുജാഹിദുകാരും നടപ്പിലാക്കിയിരുന്നതുമായ പലതും ഞാനും ചെയ്തിരുന്നു. ഖുർആൻ ക്ലാസ്, ഖുർആൻ അർഥം പഠിക്കലും പഠിപ്പിക്കലും, ലൈബ്രറി, ഇസ്‌ലാമിക് അസോസിയേഷൻ..... അങ്ങനെ പലതും. മാടനടയിൽ നാൽപതോളം യുവാക്കളെ സംഘടിപ്പിച്ചാണ് പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. അവർക്ക് സ്ഥിരമായി ഖുർആൻ ക്ലാസ് എടുക്കും. കുറച്ചു പുസ്തകങ്ങളുള്ള ഒരു ലൈബ്രറിയും സ്ഥാപിച്ചു. 'അമീർ ഹംസ, ഖസ്വസുന്നബി' തുടങ്ങിയവയായിരുന്നു അന്നത്തെ പ്രധാന ഇസ്‌ലാമിക സാഹിത്യങ്ങൾ.

### സി.കെ കോയസാഹിബ്

അക്കാലത്ത് ദക്ഷിണകേരളത്തിലെ ജമാഅത്തെ ഇസ്‌ലാമിയുടെ മുഴുസമയ പ്രവർത്തകനായിരുന്നു കൊച്ചി പള്ളുരുത്തി സ്വദേശിയായ സി.കെ കോയ സാഹിബ്. അദ്ദേഹം എങ്ങനെയോ എന്റെ പ്രവർത്തനങ്ങളെയും ലൈബ്രറിയെയും കുറിച്ചു കേട്ടു. ഒരിക്കൽ അദ്ദേഹം പള്ളിയിൽ വന്നു. ഞാൻ അപ്പോൾ കുട്ടികൾക്ക് ദർസ് നടത്തിക്കൊണ്ടിരിക്കുകയാണ്. 'ശർഹുത്തഹ്ദീബ്' എന്ന പ്രസിദ്ധമായ മൻത്വിഖ് കിതാബാണ് പഠിപ്പിക്കുന്നത്. ദർസ് കേട്ടുകൊണ്ട് അദ്ദേഹം പള്ളിയിലിരുന്നു. ശേഷം, എന്റെ അടുത്തുവന്നു പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ കൈയിൽ ഒരു ബാഗ് ഉണ്ടായിരുന്നു. ഞാൻ ചോദിച്ചു: 'അതിലെന്താണ്? 'ജമാഅത്തെ ഇസ്‌ലാമിയുടെ കുറച്ചു പുസ്തകങ്ങളാണ്. നിങ്ങളുടെ ലൈബ്രറിയിൽ വെക്കാം' – അദ്ദേഹത്തിന്റെ മറുപടി. 'മൗദൂദി'യാണെന്ന് മനസ്സിലായപ്പോൾ എനിക്ക് സംസാരിക്കാൻ തന്നെ താൽപര്യമില്ലാതായി. 'നിങ്ങൾ ഫിത്നയുടെ ആളുകളാണ്. ഇത്തരം ഫിത്നകളൊന്നും ഇവിടെ വേണ്ട'– ഞാൻ പറഞ്ഞു. ളുഹർ നമസ്കാര സമയമായപ്പോൾ അദ്ദേഹവും ജമാഅത്തിൽ പങ്കെടുത്തു. എനിക്ക് ഭക്ഷണം കൊണ്ടുവന്നിരുന്നു. ഞാൻ അദ്ദേഹത്തെ ഭക്ഷണത്തിന് ക്ഷണിച്ചു. അദ്ദേഹം വരില്ലെന്നാണ് ഞാൻ കരുതിയിരുന്നത്. പക്ഷേ, അദ്ദേഹവും ഭക്ഷണം കഴിക്കാൻ കൂടി.

ഭക്ഷണം കഴിഞ്ഞു. അദ്ദേഹം വിടാൻ ഭാവമില്ല. ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വേണ്ടെന്ന് പറഞ്ഞപ്പോൾ എനിക്ക് ഒരു പുസ്തകം തന്നു– മൗദൂദിയുടെ 'സത്യസാക്ഷ്യം.' 'ഞാൻ മൂന്നു ദിവസം കഴിഞ്ഞു വരും അപ്പോൾ തന്നാൽ മതി' എന്നുപറഞ്ഞ് കോയസാഹിബ് പോയി. ഇസ്‌ലാമിക് അസോസിയേഷൻ, ലൈബ്രറി, ഖുർആൻ ക്ലാസ് തുടങ്ങിയ പാരമ്പര്യ സുന്നീധാരക്ക് അന്യമായ പ്രവർത്തനങ്ങൾ കണ്ടപ്പോൾ എന്നിൽ ഒളിഞ്ഞിരിക്കുന്ന ഒരു ജമാഅത്തുകാരനെ കണ്ടെത്തിയതായിരിക്കണം ദീർഘദൃഷ്ടിയുള്ള ആ ഇസ്‌ലാമിക പ്രവർത്തകന്റെ കണ്ണുകൾ!

മൗദൂദിയുടേതല്ലേ പുസ്തകം എന്നു കരുതി ഞാനത് മേശപ്പുറത്ത് വെച്ചു, വായിക്കാതെ. രാത്രി ഉറങ്ങാൻ കിടന്നു. ഉറക്കം വരാനായി കുറച്ചു വായിക്കാം എന്നു കരുതി പുസ്തകം കൈയിലെടുത്തു. വായന തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ ഞാൻ ഉറങ്ങുകയായിരുന്നില്ല, ഉണരുകയായിരുന്നു– ഒരു പുതിയ ലോകത്തേക്ക്. പുസ്തകത്തിലെ ആശയങ്ങൾ എന്നെ ഹഠാദാകർഷിച്ചു. അതുവരെ കിടന്ന് വായിച്ചിരുന്ന ഞാൻ, അറിയാതെ എഴുന്നേറ്റിരുന്ന് വായന തുടർന്നു. പുസ്തകം മുഴുവൻ ഒരു തവണ വായിച്ചു തീർത്തു. മതിവരാതെ, രണ്ടാമതൊരിക്കൽ കൂടി അതേ ഇരിപ്പിൽ തന്നെ 'സത്യസാക്ഷ്യത്തി'ലൂടെ കടന്നുപോയി. മനസിലെവിടെയോ ഒരു കൊളുത്ത് വീണു. ഉറങ്ങാൻ ശ്രമിച്ച എന്നെ കിടന്നേടത്തുനിന്ന് എഴുന്നേൽപിച്ച പുസ്തകമാണ് 'സത്യസാക്ഷ്യം.' അതാണ് എന്റെ ജീവിതത്തെ മാറ്റിമറിച്ച് ജമാഅത്തെ ഇസ്‌ലാമിയിൽ കൊണ്ടെത്തിച്ചത്.

മൂന്നാം നാൾ കോയസാഹിബ് വീണ്ടും വന്നു. ഞാൻ അദ്ദേഹത്തിന്റെ വരവും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. മനസ്സിൽ ചെറിയൊരു കുറ്റബോധം, ഇതാണല്ലോ ഞാൻ വേണ്ടെന്നു പറഞ്ഞത്, 'ഫിത്ന' എന്നു വിളിച്ചത്. ഇതുമായി വന്നയാളോടാണല്ലോ ഞാൻ മോശമായി പെരുമാറിയത്! അദ്ദേഹത്തെ കണ്ടപാടെ കെട്ടിപ്പിടിച്ചു, ക്ഷമ ചോദിച്ചു, എന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. *സത്യസാക്ഷ്യം* തിരിച്ചുകൊടുത്തില്ല; അതിന്റെ വിലകൊടുത്തു – അഞ്ച് അണ! ആ അഞ്ച് അണയുടെ മൂല്യം വളരെ വലുതായിരുന്നു. അദ്ദേ

ഹത്തിന്റെ കൈയിലുണ്ടായിരുന്ന ജമാ
അത്തിന്റെ മറ്റു പുസ്തകങ്ങളെല്ലാം
ഒരോ കോപ്പി ഞാൻ വാങ്ങി. അവ
യെല്ലാം ആർത്തിയോടെ വായിച്ചു
തീർത്തു. വായനാ ശീലം നേരത്തേ
ഉണ്ടായിരുന്നു. നോവലുകളും ധാരാളം
വായിച്ചിരുന്നു; പള്ളിദർസിൽ പഠിക്കു
മ്പോൾ കിതാബുകൾക്കുള്ളിൽ ഒളിച്ചു
വെച്ചുപോലും.

പുസ്തകങ്ങൾ വായിച്ചു തീർന്ന
പ്പോൾ മനസ്സിൽ വലിയ ആവേശം,
സന്തോഷം. കണ്ണുകളിൽ പുതിയ വെളി
ച്ചത്തിന്റെ തിളക്കം. ഞാൻ ആത്മഗതം
ചെയ്തു; പടച്ചവനേ ഞാൻ ആഗ്ര
ഹിച്ച, സ്വപ്നം കണ്ട ഇസ്ലാം. ഖുർ
ആനിലും സുന്നത്തിലും കാണുന്ന
ഇസ്ലാം. അതാണല്ലോ സയ്യിദ് മൗദൂദി
യുടെ, ജമാഅത്തെ ഇസ്ലാമിയുടെ
പുസ്തകങ്ങളിൽ കാണാൻ കഴിയുന്ന
ത്. എന്നിട്ടും എന്തുകൊണ്ടാണ് ഈ
പുസ്തകങ്ങൾ എനിക്ക് നേരത്തേ
വായിക്കാൻ കഴിയാതിരുന്നത്? എന്തു
കൊണ്ട് ഈ പ്രസ്ഥാനത്തെ നേരത്തേ
അറിയാൻ പറ്റിയില്ല? അങ്ങനെ ജമാ
അത്തെ ഇസ്ലാമിയിലേക്കുള്ള എന്റെ
വഴി തുറക്കപ്പെടുകയായിരുന്നു.

## അബ്ദുപ്പു മൗലവി

എന്റെ മൂത്ത ജ്യേഷ്ഠൻ
അബ്ദുല്ല മൗലവി- അബ്ദുപ്പു
മൗലവി എന്നാണ് വിളിച്ചിരുന്നത്-
അന്ന് മുട്ടക്കാവ് പള്ളിയിൽ ദർസ് നട
ത്തിയിരുന്നു. ജ്യേഷ്ഠനായിരുന്നു
എന്റെ പ്രധാന ഉസ്താദ്. ഏഴുവർഷം,
പ്രധാനപ്പെട്ട കിതാബുകൾ പലതും
ജ്യേഷ്ഠന്റെ അടുത്തുനിന്നാണ് ഞാൻ
പഠിച്ചത്.

ജമാഅത്തെ ഇസ്ലാമിയെക്കു
റിച്ച് പഠിച്ചു മനസ്സിലാക്കി, പ്രസ്ഥാനം
സത്യമാണെന്ന് ബോധ്യപ്പെട്ടപ്പോൾ
എന്റെ മനസ്സിലെ പ്രാർഥന, ജ്യേഷ്ഠനു
മായി ഈ വിഷയത്തിൽ ഒരു ഏറ്റുമു
ട്ടൽ ഉണ്ടാകരുതേ എന്നായിരുന്നു.
അതെങ്ങനെ സാധിക്കും എന്നായി
പിന്നെ ചിന്ത! ഒരിക്കൽ ഞാൻ ജ്യേഷ്ഠ
നോട് ചോദിച്ചു: 'നമ്മൾ ജമാഅത്തെ
ഇസ്ലാമിയെ വിമർശിക്കുന്നു. ആ
സംഘടന ഇസ്ലാമിനെതിരാണെങ്കിൽ
എതിർക്കണം. പക്ഷേ, അവരെക്കുറിച്ച്
പഠിക്കാതെ എങ്ങനെ എതിർക്കും?
വിമർശിക്കുന്നതിനുമുമ്പേ നാം ജമാ
അത്തെ ഇസ്ലാമിയെക്കുറിച്ച് പഠിക്കേ
ണ്ടതില്ലേ!' 'അതിന് എന്ത് ചെയ്യും'
എന്നായി അദ്ദേഹം. ജമാഅത്തെ
ഇസ്ലാമിയെക്കുറിച്ച് പഠിക്കാൻ
പുസ്തകങ്ങൾ കിട്ടുമോ എന്ന്
ജ്യേഷ്ഠൻ ചോദിച്ചു! 'പുസ്തകങ്ങൾ
ഞാൻ സംഘടിപ്പിച്ചു തരാം. നമുക്കത്
പഠിച്ചതിനു ശേഷം വിമർശിക്കാം'
ഞാൻ പറഞ്ഞു. വാങ്ങിവെച്ച പുസ്തക
ങ്ങൾ ജ്യേഷ്ഠന് കൊടുത്തു. അദ്ദേഹം
അതെല്ലാം വായിച്ചു. തെറ്റാണെന്നു
കരുതിയ, വിമർശിക്കേണ്ടത് എന്ന്
തോന്നിയ ഭാഗങ്ങൾ അടിവരയിട്ടുതന്നു.
അതേക്കുറിച്ച് ഞങ്ങൾ സംസാരിച്ചു.
അടിവരയിട്ട ഓരോ ഭാഗവും തെറ്റ
ല്ലെന്നും നാം പഠിച്ച കിതാബുകളനുസ
രിച്ച് ദീനിന്റെ ഭാഗം തന്നെയാണെന്നും
ഞാൻ പറഞ്ഞു. ഓരോന്നിനും പ്രധാന
കിതാബുകളിൽനിന്ന് ഇബാറത്തുകൾ
ഉദ്ധരിച്ചു. തെറ്റാണെന്നു കരുതി അടിവ
രയിട്ട ഭാഗങ്ങൾ അഹ്ലുസ്സുന്നത്തിന്റെ
കിതാബുകളിൽ പറഞ്ഞിട്ടുള്ളതുതന്നെ
യാണ് എന്ന് ജ്യേഷ്ഠന് ബോധ്യം
വന്നു. ജമാഅത്ത് പുസ്തകങ്ങൾ
വായിച്ച് അഞ്ച്-ആറു മാസ
ങ്ങൾകൊണ്ട് അദ്ദേഹം മാനസികമായി
പ്രസ്ഥാനത്തോട് അടുത്തു. ഒരുവർഷ
ത്തിനകം ഞങ്ങൾ ജമാഅത്തിനെ
ശരിക്കും മനസ്സിലാക്കുകയും അതാണ്
ശരിയായ മാർഗം എന്ന് തിരിച്ചറിയു
കയും ചെയ്തു. ജമാഅത്ത് മനസ്സു
ണ്ടെന്നറിഞ്ഞിട്ടും ജനങ്ങൾക്കിടയിൽ
ഞങ്ങൾക്ക് നല്ല സ്ഥാനം തന്നെയാണു
ണ്ടായിരുന്നത്. ജമാഅത്തിനോട് അനു
ഭാവം പുലർത്തുന്നവരാണെന്നറി
ഞ്ഞിട്ടും മഹല്ലിലെ ജനങ്ങൾക്ക് ഞങ്ങ
ളോട് എതിർപ്പ് ഉണ്ടായിരുന്നില്ല, നല്ല
സഹകരണം തന്നെയായിരുന്നു.

## ആലപ്പുഴയിൽനിന്ന് മടങ്ങുന്നു

അക്കാലത്താണ് ജമാഅത്തെ
ഇസ്ലാമിയുടെ ദക്ഷിണകേരള സമ്മേ
ളനം ആലപ്പുഴയിൽ നടന്നത്. കെ.
മൊയ്തുമൗലവി സമ്മേളനത്തിൽ
പങ്കെടുത്തിരുന്നു. സമ്മേളനം കഴിഞ്ഞ
ശേഷം അദ്ദേഹം എന്റെ അടുത്തു
വന്നു. കുറേ സംസാരിച്ചു. ഇടക്ക്
അദ്ദേഹം പറഞ്ഞു: 'ജനങ്ങൾ ഇപ്പോൾ
നിങ്ങളെ അനുകൂലിക്കുന്നത് അവർക്ക്
കാര്യം മനസ്സിലാകാത്തതുകൊണ്ടാണ്.
ഈ അനുകൂലാവസ്ഥ കാര്യമാക്കേണ്ട.
സംഗതി മനസ്സിലാക്കിയാൽ അവർ
നിങ്ങളെ കൈവിടും.' അത് ശരിയായി
രുന്നു. കുറച്ചു നാളുകൾക്കകം തന്നെ
ആളുകൾ 'ഞങ്ങൾ പിഴച്ചുപോവുകയാ
ണ്' എന്നു പറയാൻ തുടങ്ങി. ജന
ങ്ങൾക്കിടയിൽ ചർച്ചകൾ നടന്നു. ഒരി
ക്കൽ മദ്റസയിൽ പരസ്യമായിതന്നെ
ഒരു യോഗം നടന്നു. ജമാഅത്തെ
ഇസ്ലാമിയായിരുന്നു വിഷയം.
ജ്യേഷ്ഠൻ അതിൽ പങ്കെടുത്തു. ആളു
കളുടെ ചോദ്യങ്ങൾക്കും സംശയ
ങ്ങൾക്കുമെല്ലാം വിശദീകരണം കൊടു
ത്തു. അതോടെ ആളുകൾ കുറ
ച്ചൊക്കെ അടങ്ങി.

അധികം വൈകാതെ പ്രശ്നം
രൂക്ഷമാകാൻ തുടങ്ങി. ഞാൻ ജമാ
അത്തെ ഇസ്ലാമിക്കാരനാണെന്ന്
എല്ലാവർക്കും മനസ്സിലായി. അതേസ
മയം സമസ്തയുടെ മദ്റസയിലെ
അധ്യാപകനും പള്ളിയിലെ
മുദർരിസും ഇമാമും! സമസ്തയുടെ
അംഗീകാരമുള്ള മദ്റസയായിരുന്നു
അത്. അതോടെ സമസ്തയുടെ അന്വേ
ഷണം നടന്നു. പ്രശ്നം രൂക്ഷമായി.
ഞാൻ രാജിവെച്ചു. പക്ഷേ, വലിയൊരു
വിഭാഗം ജനങ്ങളുടെ സമ്മർദം കാരണം
രാജി സ്വീകരിച്ചില്ല. ജനങ്ങൾക്കിടയിൽ
എനിക്ക് നല്ല സ്വീകാര്യത ഉണ്ടായിരു
ന്നു. രാജിസ്വീകരിക്കാതിരുന്നപ്പോൾ
ലീവെടുത്ത് നാട്ടിലേക്ക് പോന്നു.
നാട്ടിൽവന്നശേഷം രാജിക്കത്ത് അയച്ചു
കൊടുത്തു. ജനങ്ങൾ ഭൂരിപക്ഷവും
അനുകൂലമായിരുന്നു. പക്ഷേ അത്തര
മൊരു അവസ്ഥയിൽ അവിടെ തുടരാൻ
തീരുമാനിച്ചാൽ എന്റെ പേരിൽ ജന
ങ്ങൾ ഭിന്നിക്കുകയും തമ്മിലടിക്കു
കയും ചെയ്യുമെന്ന് ഉറപ്പായിരുന്നു.
അതുകൊണ്ടാണ് രാജിവെച്ചത്.

രണ്ടു മൂന്നു മാസങ്ങൾക്കകം
വലിയ ജ്യേഷ്ഠനും മുട്ടക്കാവിൽനിന്ന്
രാജിവെച്ച് പോന്നു. ചെറിയ ജ്യേഷ്ഠൻ
കെ.ടി.പി എന്നറിയപ്പെട്ടിരുന്ന
അബ്ദുർറഹ്മാനും ജമാഅത്തുകാരനാ
യിക്കഴിഞ്ഞിരുന്നു. അദ്ദേഹവും
കൊല്ലൂർവിളയിൽനിന്ന് പോന്നു.
അബ്ദുപ്പു മൗലവി ശാന്തപുരം
ഇസ്ലാമിയാ കോളേജിൽ അധ്യാപക
നായി നിയമിക്കപ്പെട്ടു. ചെറിയ
ജ്യേഷ്ഠൻ കൊടുങ്ങല്ലൂരിലെ മാടവന
പള്ളിയിൽ ഇമാമും അധ്യാപകനുമായി.

ഞാൻ ജമാഅത്തെ ഇസ്ലാമി
യുടെ മാർഗത്തിൽ യാത്ര ആരംഭിച്ചു.

(തുടരും)